# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *346

10/04/2013 - ലെ മറുപടിയ്ക്ക്

## സംയോജിത പുരയിട കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരയിട കൃഷിയ്ക്ക് അർഹമായ പരിഗണന നൽകുന്നതിനും ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തയ്യാറാകുമോ ; | (എ) | കൃഷി വകുപ്പ് നിലവിൽ ഇടവിളകൃഷി ഉൾപ്പെടെയുള്ള പുരയിട കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. |
| (ബി) | ഇവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം നിലയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ; | (ബി) | സംസ്ഥാനത്ത് തെങ്ങ് അധിഷ്ഠിതമായ പുരയിട കൃഷിയാണ് ഏറ്റവും അധികം സ്ഥലങ്ങളിൽ ഉള്ളത്. ഈ പ്രദേശങ്ങളിൽ താഴെപ്പറയുന്ന ഇടപെടലുകൾ കൃഷി വകുപ്പ് നടത്തിവരുന്നു.<br>1) തെങ്ങുകൃഷിയുടെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ക്ലസ്റ്റർ അടിസ്ഥാനമാക്കിയുള്ള വികസനം.<br>2) രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയതായി തെങ്ങിൻ തൈ നടീൽ.<br>3) ശാസ്ത്രീയമായ രീതിയിൽ തെങ്ങിനും, ഇടവിളകൾക്കും വളപ്രയോഗവും, പരിചരണവും.<br>4) ഡ്രിപ്പ് രീതി അനുസരിച്ചുള്ള ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ. |
| (സി) | ഏതെങ്കിലും സംയോജിത പുരയിട കൃഷി മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (സി) | ഉണ്ട്. തെങ്ങ് അധിഷ്ഠിത പുരയിട കൃഷിയാണ് സംസ്ഥാനത്ത് മുഖ്യമായും അവലംബിച്ചു വരുന്നത്. തെങ്ങിൻ തോട്ടങ്ങൾ മെച്ചപ്പെട്ട കാർഷിക പരിപാലനം ഇടവിളകൃഷി, സമ്മിശ്ര കൃഷി - സംയോജിത കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക |

എന്നതാണ് ഈ കൃഷിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. നാളികേരത്തിന്റെ സംയോജിത വികസനം വഴി ഉല്പാദനവും ഉല്പാദനക്ഷമതയും ആദായവും വർദ്ധിപ്പിക്കുന്നതിന് നാളികേര ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കി വരുന്നു.

**(ഡി)** ഇത് കർഷകർക്കിടയിൽ വ്യാപിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

**(ഡി)** ഉണ്ട്. ഓരോ പ്രദേശത്തിനും യോജിച്ച മാതൃകയിലുള്ള സംയോജിത കൃഷിയാണ് സാധാരണഗതിയിൽ നടപ്പാക്കി വരുന്നത്. പൊതുവേ 8-25 വർഷം വരെ പ്രായമുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകളോ സമ്മിശ്രകൃഷിയോ - സംയോജിത കൃഷിയോ ശസ്ത്രീയാടിസ്ഥാനത്തിൽ ശുപാർശ ചെയ്യുന്നില്ലെങ്കിലും നിലവിൽ 3-4 വർഷം വരെ പ്രായമുള്ള തെങ്ങിൻതോട്ടങ്ങളിൽ ഹ്രസ്വ വിളകളും മരച്ചീനിയും ലാഭകരമായി കൃഷി ചെയ്യുന്നതിന് സംയോജിത കൃഷി ശുപാർശ ചെയ്യുന്നു. 15-25 വർഷത്തിനുമിടയിൽ പ്രായമുള്ള തെങ്ങിൻതോട്ടങ്ങളിൽ അധികം വേര് താഴ്ച്ചയില്ലാത്ത വിളകളായ ഇഞ്ചി, മഞ്ഞൾ എന്നിവ ആദായകരമായി കൃഷി ചെയ്യാവുന്നതാണ്. ഈ രീതി അവലംബിക്കുക വഴി കൃഷിഭൂമി കാര്യക്ഷമമാക്കി ഉപയോഗിക്കുന്നതിനും സൗരോർജ്ജം, ജലം, പോഷകമൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ എന്നിവ പാഴാക്കി കളയാതെ ആരോഗ്യകരവും ലാഭകരവുമായ വിള പരിപാലനത്തിനു സഹായിക്കുന്നു. ഈ രീതിയിലുള്ള വിള പരിപാലനം കൃഷി ആദായകരവും നഷ്ടരഹിതവും ആക്കുന്നതിന് ഉറപ്പ് നൽകുന്നു. ഇതിനു പുറമേ തെങ്ങിൻ തോട്ടങ്ങൾ കൂടുതൽ അകലം പാലിച്ച് കൃഷി ചെയ്യുകയാണെങ്കിൽ തെങ്ങിൻ തോട്ടത്തിന്റെ പ്രായം കണക്കിലെടുക്കാതെ സംയോജിത കൃഷിക്ക് യോജിച്ച മാതൃകകൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**വിജയകരമായ ചില മാതൃകകൾ**

1) തെങ്ങിനൊപ്പം ധാന്യവിളകൾ
നെല്ല്, ചോളം

2) തെങ്ങിനൊപ്പം കിഴങ്ങുവിളകൾ
മരച്ചീനി, മധുരക്കിഴങ്ങ്,
കാച്ചിൽ, ചേമ്പ്

3) സുഗന്ധ വ്യഞ്ജനങ്ങൾ
ഇഞ്ചി, മഞ്ഞൾ, കുരുമുളക്,
ജാതി കറുകപ്പട്ട, ഗ്രാമ്പൂ.

4) പഴവർഗ്ഗങ്ങൾ
വാഴ, പൈനാപ്പിൽ, പപ്പായ

5) പാനീയങ്ങൾ
കൊക്കോ

6) തീറ്റപ്പുല്ല്
ഹൈബ്രിഡ്റോപ്പയർ,
ഗിനിഗ്രാസ്.

സെക്ഷൻ ഓഫീസർ